# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ഫോൺ 2369007, 2369196
2369143, 2369149
2369197, 2369069
ഫാക്സ് 91484-2369023

കോർപ്പറേഷൻ ഓഫീസ്
പി.ബി നമ്പർ 1016
എറണാകുളം, കൊച്ചി 682 011

MOH7/032019/2023

06/11/23

## <u>ക്വട്ടേഷൻ</u>

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ബ്രഹ്മപുരത്ത് പ്രവർത്തിപ്പിച്ചുവരുന്ന ABC സെന്ററിലേക്ക് വന്ധീകരണത്തിനായി നായ്ക്കളെ കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന KL-07 -CG 1363-ാം നമ്പർ വാഹനത്തിന്റെ ഫിറ്റ്നസ് കാലാവധി കഴിയുന്നതിനാൽ ടി വാഹനത്തിനു പകരം നായ്ക്കൂട് സ്ഥാപിക്കാൻ കഴിയത്തക്ക വിധമുള്ള പിക് അപ്പ് മോഡൽ വാഹനവും ഡ്രൈവറും അടിയന്തിരമായി ആവശ്യമുണ്ട്. ആയതിനാൽ ടി പ്രവൃത്തിക്കാവശ്യമായ വാഹനം ഡ്രൈവർ ഉൾപ്പെടെ ലഭ്യമാക്കുന്നതിന് വാഹന ഉടമകളിൽ നിന്നും അംഗീകൃത ഏജൻസികളിൽ നിന്നും ക്വട്ടേഷൻ നിബന്ധനകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു.

**ടെണ്ടർ സ്വീകരിക്കുന്ന - 09/11/23 സമയം - 3 പി.എം**

**ടെണ്ടർ തുറക്കുന്ന സമയം - 09/11/23 സമയം - 4 പി.എം**

കോർപ്പറേഷൻഹെൽത്ത് ഓഫീസർ
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ - ബ്രഹ്മപുരത്ത് പ്രവർത്തിക്കുന്ന ABC സെന്ററിലേക്ക് പിക്ക് അപ് വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള നിബന്ധനകൾ**

1. പിക്ക് അപ് വാഹനത്തിന് ഇന്ധനം, ഡ്രൈവർ, നിയമാനുസൃത നികുതി ഉൾപ്പടെ ഒരു ദിവസത്തെ വാടകയാണ് രേഖപ്പെടുത്തേണ്ടത്.
2. നായ്ക്കൾക്കുള്ള കവചിത കൂട് സ്ഥാപിക്കാനുള്ള സൗകര്യം വാഹനത്തിന് ഉണ്ടായിരിക്കണം.
3. ക്വട്ടേഷൻ സമർപ്പിക്കുന്ന കരാറുകാരനോ/വാഹന ഉടമയോ നഗരസഭയുടെ യാതൊരുവിധ വിലക്കുകളിലും കരിമ്പട്ടികയിലും ഉൾപ്പെട്ടവർ ആയിരിക്കരുത്.
4. കൗൺസിൽ തീരുമാനത്തിനു വിധേയമായിട്ടായിരിക്കും ക്വട്ടേഷൻ അംഗീകരിക്കുന്നത്.
5. ഹർത്താൽ, പൊതുപണിമുടക്ക്, ലഹള, മറ്റ് സമരങ്ങൾ എന്നിവ മൂലം വാഹനങ്ങൾക്ക് ഉണ്ടാവുന്ന നാശനഷ്ടങ്ങൾക്ക് നഗരസഭ ഉത്തരവാദിയായിരിക്കുന്നതല്ല.
6. ക്വട്ടേഷൻ വ്യവസ്ഥയ്ക്ക് വിരുദ്ധമായി സമർപ്പിക്കുന്ന ക്വട്ടേഷൻ കാരണം കൂടാതെ തന്നെ നിരസിക്കുന്നതായിരിക്കും.
7. നിലവിലുള്ള വ്യവസ്ഥകൾക്ക് പുറമെ നഗരസഭ അധികാരികളുടെ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

ഹെൽത്ത് ഓഫീസർ<br>
കൊച്ചി മുനിസപ്പൽ കോർപ്പറേഷൻ